<u>ഭരണഭാഷ–മാതൃഭാഷ</u>

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി1/12751/2014/സിഇ/തസ്വഭവ

തീയതി: 05.03.2015

## <u>സർക്കുലർ</u>

വിഷയം:- തസ്വഭവ – കെട്ടിട നിർമ്മാണ പെർമിറ്റിൽ സാങ്കേതിക വിദഗ്ദരുടെ പരിശോധനയും ശുപാർശയും നിർബന്ധമാക്കിയത് – സംബന്ധിച്ച്.

സൂചന:- 1) സർക്കാരിന്റെ 19.01.2015 ലെ 56536/ആർ.എ1/2013/തസ്വഭവ നമ്പർ കത്ത്
2) സർക്കാരിന്റെ 15.06.2013 ലെ 32131/ആർ.എ1/12/തസ്വഭവ നമ്പർ സർക്കുലർ

കെട്ടിട നിർമ്മാണാനുമതിക്കായുള്ള അപേക്ഷകൾ സാങ്കേതിക വിദഗ്ദർ പരിശോധന നടത്തിയതിനുശേഷം ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെക്രട്ടറി പരിശോധിച്ച് കെട്ടിട നിർമ്മാണാനുമതി നൽകണമെന്ന സൂചന സർക്കുലറിലെ നിർദ്ദേശം റദ്ദ് ചെയ്യണമെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം റദ്ദു ചെയ്യേണ്ടതില്ല എന്ന് സർക്കാർ തീരുമാനിക്കുകയും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുകയും ചെയ്തു.

1) കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയ പരിധിക്കുകള്ളിൽ തന്നെ സാങ്കേതിക വിദഗ്ദർ പരിശോധന നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നൽകേണ്ടതാണ്.
2) സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സാങ്കേതം' സോഫ്റ്റ് വെയറിൽ ലഭ്യമാക്കിയിട്ടുള്ള ചെക്ക് ലിസ്റ്റ് കൂടി സാക്ഷ്യപ്പെടുത്തി പ്ലാനിനൊപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

ആയതിനാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്തിലെ എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാരും നിർബന്ധമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

പകർപ്പ് : എല്ലാ ഗ്രാമ പഞ്ചായത്ത് സാങ്കേതിക വിഭാഗം ജീവനക്കാർക്കും